കഥ



എം. പ്രശാന്ത്
ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

# പടക്കളം

"ഇന്നേരത്താണോ ശിങ്കാരിമേളം, കാലത്തിനെന്താ ചെയ്തുകൂടാത്തത്? തായമ്പക കൊട്ടിനെടാ തെണ്ടികളേ..." തലേന്നത്തെ മേളം കൊഴുക്കുകയാണ്. അകത്തു കിടക്കുന്ന രണ്ട് ഔൺസ് ജവാന്റെ തരിപ്പിൽ കുട്ടൻപിള്ള ഒഴിഞ്ഞ വയലിന്റെ നിലാവിലേക്കു നോക്കി അമ്പലക്കമ്മറ്റിക്കാരെ ചീത്തവിളിച്ചു.

നാളെയാണ് വേല. വൈരങ്കോട് വേലയ്ക്ക് ദേഹത്താകെ എണ്ണയിൽ ചാലിച്ച കരി പൂശി കൊമ്പൻ മീശ പിടിപ്പിച്ച് അമ്പും വില്ലുമായ് കാട്ടാളൻ വേട്ടയ്ക്കിറങ്ങും. പിറകെ വാദ്യക്കാരും. വെടിക്കെട്ടിന്റെ ചൂടിക്കെട്ടുകൾ ബന്ധനങ്ങളെല്ലാമഴിച്ച് മുകളിൽ ചെന്ന് മറ്റൊരാകാശം തീർക്കുമ്പോൾ അവന്റെ പുര കത്തും. പിള്ള നാളെയെ മനസ്സിൽ ആ വിധം അടയാളപ്പെടുത്തി.



പണ്ട് വിഷുവിന് ഓലപ്പുരയ്ക്ക് പൂത്തിരി കത്തിച്ചെറിഞ്ഞ് "പൂത്തിരി കത്തണ് കണ്ടില്ലേ പുരകള് കത്തണ് കണ്ടില്ലേ" എന്നുറക്കെ പാടിയത് ഓർമ വന്നു. അന്ന് നാട്ടുകാര് ചേർന്നാണ് തീ കെടുത്തിയത്. വീട്ടിലന്ന് തന്റെ മേല് പഞ്ചവാദ്യം തനിച്ച് വായിച്ച് അച്ഛൻ അലറി: "മുടിയാൻ നേരത്ത് കുലച്ച മുച്ചീർപ്പാ, നീയീ തറവാട് മുടിക്കും!"

"നിങ്ങളന്ന് അവന്റച്ഛന് കണ്ണായ സ്ഥലം വിറ്റു മുടിച്ചതിന്റെ ബാധ ഒഴിയാതെ നിൽപ്പുണ്ട് തന്തേ..." കുട്ടൻപിള്ള സ്വന്തം തന്തയ്ക്കിട്ടും പുകില് പാടി.

ഇതിപ്പോൾ വീടിന്റെ എതയ്ക്കൽനിന്ന് തുടങ്ങുന്ന വൈരങ്കോട് പാടത്തെ സൈകതസമാനമായ വിള്ളലിലാണ് വെടിക്കെട്ടിനുള്ള കുറ്റി തറച്ചിരിക്കുന്നത്.

മരുന്ന് നാളെ രാവിലെയേ നിറയ്ക്കൂ. രാവിലെയെന്നു പറയുമ്പോൾ വെളുപ്പിന് ആകാശം കണ്ണു മിഴിച്ചാൽ തുടങ്ങുകയായി അതിനുള്ള ഒരുക്കങ്ങൾ. ഏതെങ്കിലുമൊരു എരണം



MAGZTER
MAGZTER
Clipped from - Grandhalokam - January 2022
Read it digitally on the Magzter app

കെട്ടവൻ ബീഡിക്ക് തീ കൊടുക്കാതിരിക്കാനുള്ള കരുതലാണ്.

വെയിലു നോക്കാതെതന്നെ ആളുകളങ്ങോട്ട് വച്ചുപിടിക്കും. കാട്ടാളന്മാർ പലതുണ്ടാവും. അവർ അമ്പും വില്ലുമായി നാടുകളിലെ വഴികൾ തോറും ഓടി നടക്കും. വഴിയരികിൽ ആരെങ്കിലും കൊടുത്ത ഇളനീരോ നാരങ്ങാ വെള്ളമോ കുടിക്കും. പാച്ചിൽ തുടരും.

ദേവിയുടെ പ്രീതിക്കായി ഓടുന്ന കരിവേഷങ്ങൾ കൂവും. ആളുകളെ കാണുമ്പോൾ വില്ലു കുലയ്ക്കും, ഒച്ച വയ്ക്കും. ഭയത്തോടെ ജനം വേലിയിറക്കത്തിലെന്നപോലെ ഉൾവലിയും.

'നാളെ രാജനാണ് തന്റെ നേരെ അമ്പും വില്ലുമായി പാഞ്ഞടുക്കാൻ പോവുന്ന കാട്ടാളൻ.  തുരത്താനുള്ള ഗദ തന്റെ കയ്യിലുണ്ട്. ഒറ്റ വീക്ക്, തല പൊളിയണം.' പിള്ള മുഷ്ടിബലം സ്വയം വിശ്വസിപ്പിക്കാനെന്നോണം വായുവിലേക്കുയർത്തി.

"വന്നുവന്ന് പിള്ളേച്ചേരി ചൊറിയുന്നോ? ചുട്ട് ചാമ്പലാക്കും, അത്രതന്നെ!" കുട്ടൻപിള്ള ആരോടെന്നില്ലാതെ പിറുപിറുത്തു.

വർഷാവർഷം കാട്ടാളനാണ് ആളുകളെ ഓടിക്കാറ്. ആ പതിവ് ഇക്കുറി തെറ്റും. ജനാലയ്ക്കപ്പുറം കാണുന്ന നിഴൽ രാജന്റേതെന്ന് ചില്ലിന്റെ മറയുണ്ടായിട്ടും കുട്ടൻപിള്ളയ്ക്ക് മനസ്സിലായി.

"അതിർത്തി കൊത്തിയിട്ട് ഒരുത്തനുമങ്ങനെ സുഖമായി വൈരങ്കോട് വാഴാമെന്ന് കരുതണ്ട. കൊത്തിക്കൊത്തി മർമത്തിനിട്ടാ നെന്റെ കളി?" നിന്ന നിൽപ്പിൽ, കേട്ടാൽ കാതിൽ ഈയം ഉരുക്കിയൊഴിക്കുന്നതാണ് ഭേദമെന്ന മട്ടിലുള്ള ഘനം തൂങ്ങിയ മുന്നാലു തെറികൂടി വിളിച്ചുകൂവാൻ കുട്ടൻപിള്ള മറന്നില്ല.

തെറിയുടെ പുകച്ചിലിൽ രാജന്റെ ഭാര്യ അകത്തേക്കോടി വാതിലടച്ച് നാമജപം തുടങ്ങി.

കുട്ടൻപിള്ള രാജന്റെ വീടിന്റെ ജനാല നോക്കി കല്ലെറിഞ്ഞു. ഇക്കുറി പിഴച്ചില്ല. ചില്ലുടഞ്ഞു. ശബ്ദം കേട്ടപ്പോൾ പിള്ളയ്ക്കൽപ്പം ആശ്വാസം തോന്നി.

വേഗം അകത്തുകയറി വാതിലടച്ചു, നില്പൻ രണ്ടെണ്ണം കൂടി അകത്തേക്ക് കമഴ്ത്തി. സ്പിരിറ്റ് കിടന്ന് പതയുന്നതിന്റെ തരിപ്പിൽ ഭാര്യ തങ്കമണിയുടെ അടുത്തു ചെന്ന് കിടന്നു. അതുവരെ വലത്തോട്ട് തിരിഞ്ഞു കിടന്നിരുന്ന തങ്കമണി ഇടുപക്ഷത്തേക്ക് ചാഞ്ഞ് ഉറക്കം തുടർന്നു.

"കുട്ടൻപിള്ളയോട് കളിച്ചാൽ കളി പഠിപ്പിക്കും." അയാൾ തന്നോടുതന്നെ എന്ന മട്ടിൽ ഭാര്യ കേൾക്കാനായി പറഞ്ഞു.

'പോ പുല്ലേ' മട്ടിൽ ഉറക്കത്തിന്റെ ഗിയറിൽ തട്ടി തങ്കമണി കൂർക്കത്തിലേക്ക് ചുരം കയറി.

നേരം വെളുക്കാൻ നിന്നില്ല. രാജൻ ഗേറ്റ് തള്ളിത്തുറന്ന് കുട്ടൻപിള്ളയുടെ മുറ്റത്തെത്തി. അപ്രതീക്ഷിതമായ അപരിചിതാഗമനത്താൽ ഖിന്നനും രോഷാകുലനുമായ ടോമി എന്ന പട്ടി നിർത്താതെ കുരച്ചു.

മുറ്റത്ത് തങ്കമണി മക്കളെപ്പോലെ കാത്തു സൂക്ഷിക്കുന്ന ഓർക്കിഡ്, റോസ്, കുറ്റിമുല്ലച്ചെടികളുടെ ചട്ടികൾ പട്ടിക്കൂടിനു നേരെ ഒന്നിനുപിറകെയൊന്നായ് രാജൻ വലിച്ചെറിഞ്ഞു.

തൊട്ടടുത്ത നിമിഷം അത് കുര നിർത്തി. ശേഷം നേർത്ത മോങ്ങലോടെ കാഞ്ഞിരമരത്തിന്റെ പലക കൊണ്ടുണ്ടാക്കിയ കൂടിന്റെ തറയിൽ നിലാവിലേക്ക് നോക്കി കിടന്നു.

ബെല്ലടിക്കാനുമൊന്നും രാജൻ മെനക്കെട്ടില്ല. വാതിലിൽ ആഞ്ഞൊന്ന് ചവുട്ടി.

"പുറത്തേക്കിറങ്ങടാ, തന്റെ പിള്ളേരുകളി ഇന്നത്തോടുകൂടി തീർക്കുന്നുണ്ട്." പക്ഷേ കൊട്ടേത്ര മുറുകിയിട്ടും കുട്ടൻ പിള്ള വാതിൽ തുറക്കുകയുണ്ടായില്ല.

വാതിലിൽ ഘടിപ്പിച്ച ലെൻസിലൂടെ രാജന്റെ തല വലിപ്പംവച്ചു വരുന്നത് പിള്ള കണ്ടു.

"ഇന്നല്ല, നാളെ!" പിള്ള ശബ്ദം താഴ്ത്തി, പല്ല് ഞെരിച്ചു. അകത്ത് മൊത്തത്തിലുള്ള മദ്യം മാത്രമല്ല, ചെറുതായി ഉറക്കത്തിലേക്ക് തെന്നുകകൂടി ചെയ്തിരുന്നു അയാൾ. ഉറക്കത്തിന്റെ കെട്ട് നഷ്ടപ്പെട്ടാൽ പിന്നെ ഉറങ്ങലുണ്ടാവില്ലെന്ന് പിള്ളയ്ക്കറിയാം. മഴ ചാറിയാൽ ഒറ്റപ്പോക്കു പോവുന്ന വൈദ്യുതി പോലെയാണ് അയാൾക്ക് ഉറക്കം.

രാജൻ പകലിലേക്കിറങ്ങി നടന്നു. 'വൈരങ്കോട് കവലയിൽ നാലാളു കാൺകെ തല്ലണം. വീഴ്ത്തുരെങ്കിൽ വീഴ്ത്തുര്, വകുപ്പനുസരിച്ച് ഏത് കോത്താണത്തേക്കാണെങ്കിലും വേണ്ടില്ല.'

'ഒരുത്തന് കുടുംബവുമായി നാട്ടിൽ സമാധാനത്തോടെ ജീവിക്കാൻ പറ്റുമോന്നറിയണമല്ലോ.' രാജൻ നടത്തം വേഗത്തിലാക്കി.

കണ്ണൂർ ഇന്റർസിറ്റി ഒന്നുമറിയാതെ, രാജനെയറിയാതെ, പാളത്തിലൂടെ വിപ്ലവ നഗരിയിലേക്ക് കുതിച്ചു. അതിനിനി പരപ്പനങ്ങാടിയിലേ സ്റ്റോപ്പുള്ളൂ.

ഗുരു പ്രതിമയുടെ

**"ഇന്നല്ല, നാളെ!" പിള്ള ശബ്ദം താഴ്ത്തി, പല്ല് ഞെരിച്ചു. അകത്ത് മൊത്തത്തിലുള്ള മദ്യം മാത്രമല്ല, ചെറുതായി ഉറക്കത്തിലേക്ക് തെന്നുകകൂടി ചെയ്തിരുന്നു അയാൾ. ഉറക്കത്തിന്റെ കെട്ട് നഷ്ടപ്പെട്ടാൽ പിന്നെ ഉറങ്ങലുണ്ടാവില്ലെന്ന് പിള്ളയ്ക്കറിയാം. മഴ ചാറിയാൽ ഒറ്റപ്പോക്കു പോവുന്ന വൈദ്യുതി പോലെയാണ് അയാൾക്ക് ഉറക്കം.**



MAGZTER
MAGZTER
Clipped from - Grandhalokam - January 2022
Read it digitally on the Magzter app



അടുത്തെത്തിയപ്പോൾ രാജൻ നിന്നു. നെഞ്ചിൽ കൈവച്ച് പ്രാർഥിച്ചു. കവല വീട്ടിൽനിന്ന് അധികം അകലെയല്ല. അങ്ങിങ്ങായി വീടുകളുണ്ട്. പരിചയക്കാരല്ലാതെയാരുമില്ല. കാര്യമറിയുമ്പോൾ രണ്ടാള് തന്റെ കൂടെയും നിൽക്കാതിരിക്കില്ല. രാജൻ ഓർത്തു.

കുട്ടൻപിള്ളയ്ക്ക് കവലയിൽ പച്ചക്കറിക്കടയാണ്. വെളുപ്പിനേ തുടങ്ങും കച്ചവടം. കൃഷികൊണ്ടൊന്നും വലിയ മെച്ചമില്ലെന്ന് അച്ഛൻ ഭാർഗവൻപിള്ള പെൻഡുലംപോലെ വടക്കേ പറമ്പിലെ കശുമാവിന്റെ കൊമ്പിൽ തൂങ്ങിയാടിയപ്പോൾ തിരിച്ചറിഞ്ഞതാണ്. അന്ന് പിള്ളയ്ക്ക് വയസ്സ് പതിനാലു തുടങ്ങുന്നതേ ഉള്ളൂ.

'പണത്തിന് പണം വേണം, അതില്ലാത്തവൻ പിണം!' കാലം തലയിൽ തറച്ചുതന്ന വെളിപാടാണ്.

വ്യാപാരമല്ലാത്തതൊന്നും എളുപ്പം ഗുണം പിടിക്കില്ലെന്ന്, കുഞ്ഞുന്നാളിലേ സ്കൂളിനോട് 'ടാറ്റാ ഗുഡ് ബൈ' പറഞ്ഞ കുട്ടൻപിള്ള മനസ്സിലാക്കിയിട്ടുണ്ട്.

ആഴ്ചയിൽ ഒന്നരാടം ചന്തയിൽ പോവണം. തരം നോക്കി പച്ചക്കറികളെടുക്കണം. അതും നാട്ടുകാരുടെ രുചിയും ഇഷ്ടവുമറിഞ്ഞ് വേണ്ടതെല്ലാം സ്വയം നോക്കി എടുത്താലേ പിള്ളയ്ക്ക് തൃപ്തിയാവൂ.

പന്നിവണ്ടിയിൽ പച്ചക്കറി കൊണ്ടുതരുന്ന ആളുകളുണ്ട്. പിണക്കണ്ടല്ലോ എന്നുകരുതി എളുപ്പം ചീയാത്ത ചേന, മത്തൻ, പച്ചക്കായ തുടങ്ങിയ സാധനങ്ങൾ മാത്രം അവരിൽ നിന്നെടുക്കും. എല്ലാ ദിവസവും വെളുപ്പിന് പത്തടിക്കുമ്പോൾ പന്നിവണ്ടി കടയ്ക്കു മുന്നിലെത്തും. ചന്തയിൽ കുട്ടൻപിള്ള നേരിട്ട് പോവുന്ന ദിവസമാണെങ്കിൽ ''ഇന്നൊന്നും വേണ്ടെടാ, നാളെ നോക്കാം'' എന്ന് ചിരിച്ചുകൊണ്ട് പറയും.

നെടുനീളത്തിൽ ഒത്ത വണ്ണമുള്ളൊരാളുടെ വിനയം കലർന്ന ചിരിയിൽ പന്നിവണ്ടി അടുത്ത പച്ചക്കറിക്കട ലക്ഷ്യമാക്കി നീങ്ങും.

തലേന്നാളത്തെ സംഭവങ്ങളെ പതിവു വഴക്കു ഗണത്തിലല്ല പിള്ള കണ്ടിരുന്നത്. പറ്റിയാൽ ഏതെങ്കിലുമൊരു കേസിൽപ്പെടുത്തി അകത്തേക്കയയ്ക്കണം. എങ്കിൽ കാര്യങ്ങൾ എളുപ്പമായി എന്നൊരു കണക്കുകൂട്ടൽ പിള്ളയ്ക്കുണ്ടായിരുന്നു.

ആ സ്ഥലം തിരിച്ചു പിടിക്കണമെന്ന് അത്രയ്ക്കുണ്ട്. കാശ് കൊടുക്കാമെന്നു പറഞ്ഞിട്ടും രാജൻ കൂട്ടാക്കിയില്ല. പിന്നെന്തു ചെയ്യാം! നേരായ മാർഗം നടപ്പില്ല. ആറടിക്കു മേൽ പൊക്കമുള്ള, ചെവിക്കുട നിറച്ചും പൂടയുള്ള പിള്ള എന്നിട്ടും എല്ലിച്ച രാജനിൽനിന്നും ഒരു കയ്യകലം വച്ചേ പൊരുതിയിട്ടുള്ളൂ.

രാജന്റെ അച്ഛൻ വാസു ഭാർഗവൻപിള്ളയുടെ അടുത്തു നിന്ന് കടനനവറിഞ്ഞ് കൈവശപ്പെടുത്തിയ പത്തു സെന്റാണ് പിൽക്കാലത്ത് വാശിപ്പോരിൽ കലാശിച്ചത്.



MAGZTER
MAGZTER
Clipped from - Grandhalokam - January 2022
Read it digitally on the Magzter app

അച്ഛൻ വാസുവിനെ പ്രായം മാനിക്കാതെ കുട്ടൻപിള്ള പണ്ട് കൈ വച്ചതിന്റെ കണക്കു കൂടി ഇന്നേക്ക് തീർക്കാമെന്നോർത്ത് രാജൻ കവലയിലേക്ക് ധൃതിയിൽ നീങ്ങി.

കവല വെളുപ്പിനേതന്നെ ഉണർന്നിരുന്നു. ജോലിക്ക് പോവാൻ ഒരുങ്ങിയവരും സ്കൂൾ വിദ്യാർഥികളും സാധനങ്ങൾ വാങ്ങിക്കാൻ എത്തിയവരും വെറുതെ വിടുവായത്തത്തിനായി എത്തിച്ചേർന്നവരും ചേർന്ന് പൂരത്തിന്റെ കോള് തിങ്ങുന്നതായി തോന്നി രാജന്. 'ഇപ്പോൾ തന്നെയാണ് അയാളെ പഞ്ഞിക്കിടേണ്ടത്.'

കള്ള് ചെന്നാലേ കുട്ടൻ പിള്ള തെറി വിളിക്കൂ. പച്ചയായിരിക്കുമ്പോൾ ഭാഷ തീർത്തും വരേണ്യം. വീട്ടിലിരുന്നേ പിള്ള കുടിക്കൂ. രാജനല്ലാതെ മറ്റൊരയൽക്കാരൻ പിള്ളയ്ക്കില്ലാത്തതുകൊണ്ട് കുടിച്ചിട്ടയാൾ തെറി വിളിച്ചെന്നു പറഞ്ഞാൽ ആരും വിശ്വസിക്കില്ല. വീഡിയോ എടുക്കാമെന്നു കരുതിയാൽ അയാളുടെ കുടിത്തെറി മുഴുവൻ പെൺകൊരലു കൊണ്ടാണു താനും. വീഡിയോ വെട്ടിച്ചേർത്ത് മാന്യരെ ഇകഴ്ത്താൻ നോക്കുകയാണെന്നെ ആരും പറയൂ.

ചന്തയിലേക്ക് ചരക്കെടുക്കാൻ പോവുമ്പോഴാണ് ബീവറേജു വക സൂപ്പർ മാർക്കറ്റിന്റെ വിശാലതയിൽ നിന്നയാൾ ജവാനെ പൊക്കുന്നതെന്ന് രാജനറിയാം. പറഞ്ഞാലാരും വിശ്വസിക്കാത്തതുകൊണ്ട് നിർത്തിയതാണ്.

വല്ലപ്പോഴും വീണുകിട്ടുന്ന കൂലിപ്പണി മാത്രമേ ഇപ്പോഴുള്ളൂ. അച്ഛൻ വാസു കാശുണ്ടാക്കുകയും അതുപോലെ തുലയ്ക്കുകയും ചെയ്തു. 'വീടും സ്ഥലവും മാത്രം വിറ്റില്ല, ഭാഗ്യം!' അയാൾ ഓർമകളുടെ കുണ്ടനിടവഴിയിലൂടെ നടന്നു.

വഴിയരികിലെ കടയുടെ ചില്ലു ചുമരിൽ തന്റെ രൂപത്തെ അടിതൊട്ട് തലവരെ അയാളൊന്നുഴിഞ്ഞ് കണ്ടു. എല്ലും തോലുമായ ശരീരത്തിന്റെ ശോചനീയത ചെറുതായി അയാളെ തളർത്തിയെന്നത് നേരാണ്. എങ്കിലും വീട്ടുജനാലയ്ക്കു നേരെ കല്ലെറിഞ്ഞവനെ പൊലീസ് സ്റ്റേഷനിലിട്ടല്ല, മറിച്ച് കരണക്കുറ്റി പുകച്ചാണ് കണക്കൊടുക്കേണ്ടതെന്ന് അയാളുറച്ചു.

'ആളൊഴിഞ്ഞ് ആർപ്പുമാരവവുമില്ലാതെയുള്ള തല്ലിൽ കുട്ടൻപിള്ളയ്ക്ക് നോവില്ല. അയാളുടെ അഭിമാനത്തിനിട്ട് കിട്ടണം. ഒറ്റൊന്ന്, കരണം പുകയ്ക്കുന്ന മട്ടിൽ.' രാജൻ വിചാരിച്ചു.

വഴിയരികിലെ കടയുടെ ചില്ലു ചുമരിൽ തന്റെ രൂപത്തെ അടിതൊട്ട് തലവരെ അയാളൊന്നുഴിഞ്ഞു കണ്ടു. എല്ലും തോലുമായ ശരീരത്തിന്റെ ശോചനീയത ചെറുതായി അയാളെ തളർത്തിയെന്നത് നേരാണ്. എങ്കിലും വീട്ടുജനാലയ്ക്കു നേരെ കല്ലെറിഞ്ഞവനെ പൊലീസ് സ്റ്റേഷനിലിട്ടല്ല, മറിച്ച് കരണക്കുറ്റി പുകച്ചാണ് കണക്കൊടുക്കേണ്ടതെന്ന് അയാളുറച്ചു.

കുട്ടൻപിള്ള കടയിലില്ല. ചന്തയിൽ പോയതാവുമെന്നയാൾ ഊഹിച്ചു. കാത്തിരിക്കാം.

''ചൂടാറും മുന്നെ വിളമ്പിയാലേ കഞ്ഞിക്കതിന്റെ റങ്ക് കിട്ടൂ.'' രാജൻ പിറുപിറുത്തു.

''എന്താന്ന്?'' കേട്ടുനിൽക്കെ ഒന്നും മനസ്സിലാവാതെ ചായക്കടക്കാരൻ ബാബു ചോദിച്ചു.

''കടുപ്പത്തിലൊരു ചായയെടുക്ക്! ബാക്കി ലൈവായി കാണാം.'' ഫോണിൽ ഉടഞ്ഞ ജനാലച്ചില്ലുകളുടെ ചിത്രം ഈ സമയത്തിനുള്ളിൽ പലകുറിയായി അയാൾ കാണുന്നു.

''കാണിക്കെട രാജാ! കൊറേ നേരായല്ലോ ഫോണിലെന്തോ കണ്ട് കണ്ണ് തള്ള്ന്ന്.'' ബാബുവിന് ആകാംക്ഷയായി.

രാജൻ ഫോട്ടോകളെല്ലാം ബാബുവിനു മുന്നിൽ പത്രം മറിക്കുന്ന അതേ ഗൗരവത്തിൽ കാണിച്ചുകൊടുത്തു.

''ന്നിട്ട് യ്യ് പോലീസിൽ പറഞ്ഞില്ലേ?'' ബാബു സാമൂഹിക പ്രവർത്തകന്റെ വേഷം കെട്ടി.

''പോലീസെന്താക്കാനാ, ഇന്നയാൾക്കിട്ട് പൊട്ടും.'' രാജനൊരു സിഗരറ്റ് കത്തിച്ചു.

''യ്യ് തല്ലേ, കൊള്ളേ, അതൊക്കെ നെന്റെ കാര്യം. കടയ്ക്കകത്തിരുന്ന് വലിച്ചാ പോലീസിന് പെഴ കെട്ടാൻ യ്യ് തര്വോ കാശ്?'' തല്ല് വാർത്ത ആളുകളിൽ നിന്നാളുകളിലേക്ക് തീയായി പടർന്നു.

ചായ ഒറ്റവലിക്ക് കുടിച്ച് രാജൻ കാശും കൊടുത്ത് കടയ്ക്ക് വെളിയിലിറങ്ങി നിന്നു.

വെയിൽ കത്തുകയാണ്. പതിവ് സമയം കഴിഞ്ഞിട്ടും കുട്ടൻപിള്ള എത്തിയില്ല. അതുവരെ ഫോണിൽ കാഴ്ച കണ്ട ചിലർ ചിത്രം അയച്ചു തരാൻ ആവശ്യപ്പെടുകയും രാജൻ അതിനൊക്കെ വഴിപ്പെടുകയും ചെയ്തു.

''വല്ലതും നടക്വോ? ഞങ്ങള് നിക്കണോ പോണോ?'' കൂട്ടം കൂടിനിന്ന ചെക്കന്മാരിലൊരുത്തൻ മൂർച്ച കൂട്ടി.

''പിള്ള വൈരങ്കോട് വേലയ്ക്ക് വിട്ടിട്ടുണ്ടാവും. നേരമിത്തിരി ഇരുട്ടുന്നതാ നല്ലത് രാജാ.'' ബാബു കടയിൽനിന്ന് വിളിച്ചു പറഞ്ഞു.

രാജൻ വൈരങ്കോട്ടേക്ക് നടന്നു. ഉള്ളിലാകെയൊരു കാലിച്ചായ മാത്രമേയുള്ളൂ. എങ്കിലും വിശന്നില്ല. 'പകയ്ക്ക് പകരം അടി അതാ കണക്ക്.' രാജൻ വേഗത്തിൽ കാല് വച്ചു.

വേലപ്പറമ്പിൽ ആള് കൂടിയിട്ടുണ്ട്. ഇനി അടുത്ത പുലർച്ചയാവാതെ തിരക്കൊഴിയുകയില്ല.

നേരം കടന്നുപോയി. പിന്നെ ഇരുട്ടി. ഷാപ്പിൽ കയറി ഒരു കുപ്പി



MAGZTER
MAGZTER
Clipped from - Grandhalokam - January 2022
Read it digitally on the Magzter app

അകത്തേക്കു കമഴ്ത്തി. രണ്ട് പൊറോട്ടയും മട്ടൻ ചാപ്സും അകത്തെത്തി. ഉള്ളിലെ ആളല ടങ്ങി. ഇനി പക കൂടി അടങ്ങണം. അതിന് പാങ്ങിനയാളെ ഒത്തു കിട്ടണം. ഈ ജനത്തിരക്കില യാളെയെങ്ങനെ കണ്ടുപിടിക്കും?

ചെറുതായി കോടയിറ ങ്ങിയിട്ടുണ്ട്. എന്നിട്ടും രാജൻ വിയർത്തു. വിയർപ്പ് ഷർട്ടിന്റെ കൈകൊണ്ടു തുടച്ച് പിള്ളയെ തിരഞ്ഞു.

ഹിന്ദിക്കാരന്റെ കടയിൽനിന്ന് പിള്ള ചാർ സൗ ബീസൊരെണ്ണം വാങ്ങി ചവച്ചു. ശേഷം പ്രതിയുടെ അരികിലേക്ക് നടന്നു.

വാർത്തയറിഞ്ഞവർ, അനുനിമിഷമറിയുന്നവർ, വെടിക്കെട്ട് അൽപനേരത്തിനു ള്ളിൽ തുടങ്ങുമെന്നറിഞ്ഞിട്ടും പിള്ളയ്ക്കു പിറകെ നടന്നു. ജീവനുള്ള രണ്ടു വസ്തുക്കൾ തമ്മിലേറ്റുമുട്ടുമ്പോഴുള്ള തീപ്പൊരിയൊന്നും ഒരു മരുന്നുപണിക്കും കാണില്ലെന്ന വിചാരമാണ് അവരെ ന ടത്തുന്നതെന്ന് തോന്നും.

വരവുകളെല്ലാം എത്തിക്കഴിഞ്ഞു. കാട്ടാളന്മാർ, പൂതൻ, വൈക്കോൽ പൂതൻ, തിറ, തെയ്യം, കരിങ്കാളി, പുരാണ കഥാപാത്രങ്ങൾ... അപ്രകാരം സകലരും വേലപ്പറമ്പിൽ സ്ഥാനം പിടിച്ചുകഴിഞ്ഞു കാട്ടാളന്മാരുടെ ദേഹത്തുനിന്നും കരി വിയർപ്പിട്ടൊഴുകി വെളുത്തു തുടങ്ങിയിരുന്നു. ട്യൂബ് ലൈറ്റ് വെളിച്ചങ്ങളുടെ ധവളശോഭ വേലപ്പറമ്പിന് മറ്റൊരു പകലെന്ന വ്യാജേന വിളങ്ങി.

ചെണ്ട മേളം കലാശത്തി നായി കൊട്ടിക്കയറി.

പിള്ള രാജന്റെ പിറകിൽ ചെന്നു നിന്നു. ''നെനക്കെന്നെ തല്ലണമെന്ന് കേട്ടു. ആയിക്കോ, വൈകിക്കണ്ട.'' രാജൻ തിരിഞ്ഞു നിന്നു. ഇപ്പോൾ വേല കാണാൻ വന്ന ചില പെണ്ണുങ്ങളുംകൂടി കാഴ്ചക്കാരായുണ്ട്.

കുത്തിനു പിടിച്ച് കുട്ടൻ പിള്ള രാജനെ ഒന്ന് പൊട്ടിച്ചു. അവൻ വരണ്ട പാടത്തെ കട്ടയിൽ ചെന്ന് പൊടി പറത്തി.

തല തരിച്ചു പോയി. ശരീരമാകെ വിറയ്ക്കുന്നു. ആളുകള് ചിരിയും കൂവലും തുടങ്ങി. കമഴ്ന്നുകിടന്ന രാജന് ഭൂമി കറങ്ങുന്നുണ്ടെന്ന് തോന്നി.

ചെണ്ടമേളം അതിന്റെ ഒടുവിലത്തെ അടികളിൽക്കിടന്ന് താളത്തിൽ മുഴങ്ങി. കൊട്ട് നിന്നാൽ മരുന്നുപണി തുടങ്ങുകയായി.

''വൈക്കണേന് പോയാ പ്പോരെ രാജാ.'' ആരോ ഒരാൾ ചിരിയോടെ പറഞ്ഞു. സ്ത്രീകൾ ഭയന്ന് വേലക്കാഴ്ചകളിലേക്ക് മടങ്ങി.

രാജൻ ചേറ്റുകട്ടകളിൽനിന്ന് എഴുന്നേൽക്കാൻ ശ്രമിച്ചു. കുട്ടൻപിള്ള ആഞ്ഞ് ചവുട്ടി! നടും പുറത്താണ് ചവുട്ട് വീണത്. അവന്റെ വായിൽനിന്ന് ആദ്യമൊരു നിലവിളിയും ശേഷമ ൽപം ചോരയും വന്നു.

''എണീറ്റ് വീട്ടീപ്പോടാ, നെന്റെ അച്ഛന് കിട്ടിയതിന്റത്ര നെനക്ക് കിട്ടീട്ടില്ലാ''. മുറുക്കാൻ നീര് നീട്ടിത്തുപ്പിക്കൊണ്ട് കുട്ടൻപിള്ള അതികായനായി നിന്നു.

''ന്നാള് മ്മടെ മന്ത്രി പെട്രോളിന്റെ ആഗോളക്ക ണക്കിനെപ്പറ്റി ഇങ്ങനെയേ താണ്ടാണല്ലോ വിവരിച്ചത്'' എന്ന് കൂട്ടംകൂടിയവരിലൊരാൾ അടുത്തു നിൽക്കുന്നവനോട് പറഞ്ഞ് വായ് പൊളിച്ചു.

''യ്യാ സ്ഥലത്തിന്റെ വെല പറഞ്ഞോ. അതെത്രയാച്ചാ കയ്യോടെ കൊണ്ടുപൊക്കോ. ആധാരം മാറ്റിയെഴുതിയാൽപ്പിന്നെ നെനക്കെന്ത് പിള്ള എനിക്കെന്ത് രാജൻ, ന്തേ?'' പിള്ള മീശ തടവി അലസമായി ചിരിച്ചു.

മരുന്നു പണി തുടങ്ങി. നക്ഷത്രങ്ങളെ മായ്ച്ചെന്നോണം ആകാശത്ത് വർണങ്ങൾ വിരിഞ്ഞു.

രാജൻ അരയിൽനിന്ന് ആയാസപ്പെട്ട് കത്തിയൂരി, തിരിഞ്ഞു നടക്കാൻ തുടങ്ങിയ പിള്ളയുടെ മുട്ടിനു കീഴെ കുത്തിയിറക്കി താഴേക്ക് ചാലു കീറി.

കുട്ടൻപിള്ളയുടെ നിലവിളി വെടിക്കെട്ടിന്റെ ശബ്ദത്തിലലിഞ്ഞു.

ആളുകളുടെ ചിരി മാഞ്ഞു. സാക്ഷിയാവാൻ വയ്യെന്ന മട്ടിൽ ചില വിവേകബുദ്ധികൾ അരങ്ങൊഴിഞ്ഞു. എന്നിട്ടും ആൾത്തിരക്കിന് വലിയ കുറവൊന്നും ഉണ്ടായതുമില്ല.

ചീറ്റുന്ന ചോരയിൽ വഴുതിയെങ്കിലും പെട്ടെന്ന് തിരിഞ്ഞു നിന്ന പിള്ളയുടെ കാലു പിടിച്ച് രാജൻ താഴേക്ക് വലിച്ചു. പിള്ള വീണു. രാജൻ രണ്ടുമൂന്നു വട്ടം ചുമച്ചു. വായിൽ നിറഞ്ഞ വഴുവഴുപ്പുള്ള ചോര അയാൾ നീട്ടിത്തുപ്പി.

മലർന്നു കിടക്കുന്ന കുട്ടൻപിള്ളയുടെ ദേഹത്ത് രാജൻ കയറിയിരുന്നു. വല്ലാതെ വിളറിയെങ്കിലും പിള്ള കൈ വീശിയടിക്കാൻ ശ്രമിച്ചു. അതവൻ ശോഷിച്ച കൈകൊണ്ട് തടഞ്ഞു.

കത്തികൊണ്ട് നെഞ്ചിലൊന്ന് വരഞ്ഞു. പകച്ചു നിൽക്കുന്ന ആളുകളെ പിള്ള ദയ യാചിച്ചെന്നോണം നോക്കി.

''അനങ്ങരുത് നായേ...'' രാജൻ കത്തി പിള്ളയുടെ കഴുത്തിൽ വച്ചു. ശേഷം ഇരുകവിളിലും മാറിമാറി തല്ലി. നെഞ്ചത്തു കയറിയിരിക്കുന്നത് സാക്ഷാൽ കാട്ടാളനാണെന്നു തോന്നി പിള്ളയ്ക്ക്.

കഴുത്തിൽനിന്ന് ചോര പൊടിയുന്നതവൻ കണ്ടു. കുട്ടൻപിള്ള പ്രാണനുവേണ്ടി ഞരങ്ങുകയാണ്. രാജന്റെ കണ്ണുകൾ ചുവന്നു തിളങ്ങി. ശരീരത്തിൽ കാഴ്ചക്കാരുടെ നിഴൽക്കരി!

അകലെയല്ലാതെ, പൊലീസ് ജീപ്പിന്റെ സൈറൺ രാജന്റെ കാതിൽ പഴുതാരക്കുത്തായി. ആളുകളെ വകഞ്ഞു മാറ്റി ഇരുട്ടിന്റെ കാടുതേടി അവൻ ഓടാൻ തുടങ്ങി.

**എം. പ്രശാന്ത്**
പ്രശാന്തനിലയം
കാലടി പി.ഒ.
മലപ്പുറം 679582
8281458446



MAGZTER
MAGZTER
Clipped from - Grandhalokam - January 2022
Read it digitally on the Magzter app